# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2452** **12.03.2020 ലെ മറുപടി**

### മഴവന്നൂർ പഞ്ചായത്തിലെ മണ്ണൂർ ചിറയുടെ സംരക്ഷണം

**ചോദ്യം**

**ശ്രീ.ജോൺ ഫെർണാണ്ടസ്:**

മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ ഏഴ് വാർഡുകളിലേക്കും പായിപ്ര, രായമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡു കളിലേക്കും 40 ഏക്കറോളം വരുന്ന പാടശേഖരങ്ങളിലേക്കും വെള്ളം എത്തിക്കുന്ന മണ്ണൂർ ചിറയിലെ പായലും ചെളിയും നീക്കം ചെയ്യുന്നതിനും സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

മൈനർ ഇറിഗേഷൻ സെക്ഷൻ പട്ടിമറ്റത്തു നിന്നും മഴവന്നൂർ പഞ്ചായത്തിന്റെ ആവശ്യ - പ്രകാരം മണ്ണൂർ ചിറയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും സ്വഭാവവും പരിഗണിച്ച് അടുത്ത സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്

**സെക്ഷൻ ഓഫീസർ**